# മൊബൈലും തോക്കും

• ഗീത പി.എ കല്ലട

ഒരു വീട്ടിൽ ഒരു തോക്കും മൊബൈലും ഉണ്ടായിരുന്നു. വീട്ടുകാർ പുറത്തു പോകുമ്പോൾ തന്നെ കൊണ്ടുപോയില്ലെങ്കിൽ മൊബൈലിന് വല്ലാത്ത പേടിയാണ്.

മൊബൈൽ പേടിച്ച് വിറയ്ക്കുന്നത് കാണുമ്പോൾ തോക്ക് പറയും: "ഞാൻ കൂടെയുള്ളപ്പോൾ നീ പേടിക്കേണ്ടതില്ല. ആരെങ്കിലും നമ്മളെ ഉപദ്രവിക്കാൻ വന്നാൽ ഞാൻ അവരെ വെടിവെച്ച് വീഴ്ത്തും. എന്നെ എല്ലാവർക്കും പേടിയാണ്.''

അത് കേൾക്കുമ്പോൾ മൊബൈലിന്റെ പേടിയെല്ലാം മാറും. അത് തോക്കിന്റെ അടുത്തേക്ക് ചേർന്നിരിക്കും.

അങ്ങനെയിരിക്കെ ഒരു ദിവസം വീട്ടുകാരെല്ലാം എന്തിനോ പുറത്തു പോയി. മൊബൈലിനെ കൂടെ കൊണ്ടുപോകാൻ അവർ മറന്നു. രാത്രിയായപ്പോൾ ഒരു ഭയങ്കരകള്ളൻ ആ വീട്ടിൽ കയറി. കള്ളനെ കണ്ട് പേടി ച്ചുപോയ മൊബൈൽ തോക്കിന്റെ അടുത്തേക്ക് ഓടിച്ചെന്നു.



▸▸ ഫോസിലുകളുടെ കാലപ്പഴക്കം നിർണയിക്കാൻ ഉപയോഗിക്കുന്ന ശാസ്ത്രീയ രീതി– കാർബൺ 14 ഡേറ്റിങ്

എന്നിട്ട് പറഞ്ഞു: "തോക്കേ, നീ വെടിവെച്ച് ആ കള്ളനെ ഓടിക്കൂ.''

പെട്ടെന്ന് തോക്ക് അവിടെയിരുന്ന അലമാരയുടെ പിന്നിലേക്ക് ഒളിച്ചുകൊണ്ട് പറഞ്ഞു: "വെടിവെക്കാൻ എന്റെ ഉള്ളിൽ ഉണ്ടയില്ല. ഉണ്ടയുണ്ടെങ്കിലേ വെടി വെക്കാൻ പറ്റൂ. നീയും ഇവിടെ വന്ന് ഒളിച്ചിരിക്കൂ. അല്ലെങ്കിൽ കള്ളൻ നമ്മളെ രണ്ടു പേരെയും കട്ടോണ്ട് പോകും.''

തോക്ക് പറഞ്ഞതുകേട്ട് മൊബൈൽ തളർന്നു പോയി. ഇനി സ്വയം രക്ഷിക്കുകയേ മാർഗമുള്ളൂ എന്ന് അതിന് മനസ്സിലായി. പെട്ടെന്ന് മൊബൈലിനൊരു സൂത്രം തോന്നി. അത് എന്തു ചെയ്തെന്നോ? തന്റെ മെമ്മറിയിൽ നിന്നും ഒരു നമ്പർ എടുത്ത് ഫോൺ ചെയ്തു. അടുത്തുള്ള പോലീസ് സ്റ്റേഷനിലെ നമ്പർ ആയിരുന്നു അത്.

"ഞങ്ങളുടെ വീട്ടിൽ കള്ളൻ കയറി,'' മൊബൈൽ വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു.

പെട്ടെന്നു തന്നെ പോലീസുകാർ അവിടെ എത്തി. കള്ളനെ പിടികൂടി. കള്ളനെ പിടിക്കാൻ സഹായിച്ച മൊബൈലിനെ എല്ലാവരും അഭിനന്ദിച്ചു.

ഇതെല്ലാം കണ്ട് തോക്ക് മിണ്ടാതെ അലമാരയുടെ പിന്നിൽ തന്നെ ഒളിച്ചിരുന്നു.

•



# വട

• റെജി മലയാലപ്പുഴ

കടയുടെ ഉള്ളിൽ
ചീനച്ചട്ടിയിൽ
കടലിൻ തിര പോൽ
എണ്ണ തിളക്കെ
പൊടിയൻ ചേട്ടൻ
മാവു കുഴച്ചിട്ടൊന്നു പിടിച്ചു
ഒന്നേ, രണ്ടേ എണ്ണയിലിട്ടു
ആകെയിളക്കി കോരിയെടുത്തപ്പോഴോ
കിണ്ണം നിറയെ ചുടു ചുടു വട വട
വട തിന്നാനായി, കടയിൽ കടി പിടി!

▸▸ ഈജിപ്തുകാരുടെ എഴുത്തുവിദ്യ അറിയപ്പെട്ടത്– ഹൈറോഗ്ളിഫിക്സ്